# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2209** **06/10/2016 ൽ മറുപടി**

## സ്കൂളുകളുടെ നവീകരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. അബ്ദുൽ ഹമീദ് പി. | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കമോ; | (എ) | സംസ്ഥാനത്തെ സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനു വേണ്ടി സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതിയുടെ ഭാഗമായി ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിൽ വരുത്തുവാൻ 28/09/2016 ലെ സ.ഉ.(പി)41/16/ആ.സ.വ. പ്രകാരം തീരുമാനിച്ചിട്ടുണ്ട്.<br>1. 1000 സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക.<br>2. ഹൈസ്കൂൾ-ഹയർ സെക്കണ്ടറി തലത്തിലുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക്ക് ക്ലാസ് മുറികളാക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക.<br>3. എൽ.പി.-യു.പി. ക്ലാസുകളിൽ പൊതു വിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അദ്ധ്യാപക-രക്ഷകർത്തൃ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ കാലോചിത വികസനം ഉറപ്പാക്കുക.<br>4. 50 വർഷം 100 വർഷം പൂർത്തിയാക്കിയ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ സഹായം നൽകുക. ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രോത്സാഹനം നൽകുക.<br>തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിൽ വരുത്തുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതികൾക്ക് എന്ത് തുക വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | വിവിധ സ്കൂളുകളിൽ ലഭ്യമായിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ വ്യത്യസ്തമായതിനാൽ പദ്ധതി നിർവ്വഹണത്തിനാവശ്യമായ കൃത്യമായ ഫണ്ട് കണക്കാക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല. |
| (സി) | സ്കൂൾ നവീകരണത്തിന് ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | പ്രാഥമികമായി ഈ വർഷം ആയിരം കോടി രൂപ ചെലവഴിച്ച് പദ്ധതി തുടങ്ങുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ